"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - എറണാകുളം ജില്ലയിലെ കാലടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ പാർട്ട്-ടൈം-സ്വീപ്പർ മരണപ്പെട്ട ശ്രീകല കെ.ഡി.-യുടെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത അവധി ദിവസങ്ങൾ നോൺ ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.341/2025/AYUSH തീയതി, തിരുവനന്തപുരം, 18-06-2025

---

പരാമർശം:- ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 28/10/2024-ലെ DHTVM/936/2023-EB1 - നമ്പർ കത്ത്.

**ഉത്തരവ്**

ഹോമിയോപ്പതി വകുപ്പിന് കീഴിൽ കാലടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ ജോലി നോക്കിവന്നിരുന്ന ശ്രീകല കെ.ഡി. പക്ഷാഘാതം വന്നു തളർന്നു പോവുകയും, തുടർന്ന് ടിയാൾ പൂർണ്ണ അബോധാവസ്ഥയിലായി തിരികെ ജോലിയിൽ പ്രവേശിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാവുകയും 15/09/2023-ന് മരണപ്പെടുകയും ചെയ്തുവെന്നും, ടിയാൾ പൂർണ്ണ അബോധാവസ്ഥയിലായിരുന്നതിനാൽ 01.01.2023 മുതൽ മരണപ്പെട്ട തീയതിയായ 15/09/2023 വരെയുള്ള അവധി അപേക്ഷ സമർപ്പിക്കാൻ സാധിച്ചിരുന്നില്ലായെന്നും ടി കാലയളവ് ക്രമപ്പെടുത്തി നൽകണമെന്നാവശ്യപ്പെട്ട് മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശത്തിലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാലടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ ജോലി നോക്കിവരവെ പക്ഷാഘാതം വന്ന് മരണപ്പെട്ട ശ്രീകല കെ.ഡി.-യുടെ അവധി അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത 01.01.2023 മുതൽ മരണപ്പെട്ട 15.09.2023 വരെയുള്ള കാലയളവിലെ 258 അവധി ദിവസങ്ങൾ നോൺ-ഡ്യൂട്ടിയായി സർവ്വീസ് ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ഡെപ്യൂട്ടി സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), എറണാകുളം.

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ),
   കേരളം, തിരുവനന്തപുരം.
4. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (റൂൾസ്) വകുപ്പ്. (08/04/2025-ലെ **Rules-2/79/2025-PandARD** - നമ്പർ കുറിപ്പ് പ്രകാരം)
5. വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
6. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (AYU-C2/224/2024-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 18-06-2025 17:06:33

സെക്ഷൻ ഓഫീസർ.